# സ്കൂൾ മാസ്റ്റർ പ്ലാൻ

SNLPS

അയ്യമ്പുഴ

# ആമുഖം

ആലപ്പുഴ ജില്ലയിലെ തുറവൂർ ഉപജില്ലയിൽ എസ്. എൻ. പി. എസ് എഴുപുന്നയിലെ കുട്ടികൾക്ക് വേണ്ടി തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ ആണ് ഇത്. ഒന്നു മുതൽ നാല് വരെ ക്ലാസുകളിലായി 76 കുട്ടികളാണ് സ്കൂളിൽ പഠിക്കുന്നത്. ഇവർ എല്ലാവരും ഒരേ നിലവാരക്കാരല്ല. വീടും സാമൂഹിക അന്തരീക്ഷവും എല്ലാം വ്യത്യസ്തമാണ്. ഈ കുട്ടികളെ മുൻ നിർത്തി ഇവരെ മികച്ചവരാക്കാനും പൊതു സമൂഹത്തിൽ മികച്ച ഒരു സ്കൂളായി അറിയപ്പെടാനും വേണ്ടി തയ്യാറാക്കിയ പ്രവർത്തനങ്ങളുടെ രൂപരേഖയാണ് ഇവിടെ തയ്യാറാക്കിയിരിക്കുന്നത്.

പൊതു വിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ചു നടപ്പിലാക്കുന്ന സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായി പൊതുവിദ്യാഭ്യാസത്തിന്റെ മേന്മകൾ പൊതു സമൂഹത്തിലേക്ക് എത്തിക്കാനും നിരവധി പ്രവർത്തനങ്ങളിലൂടെ പൊതുവിദ്യാഭ്യാസം പൊതു സമൂഹത്തിന്റെ ശ്രദ്ധ ആകർഷിക്കുന്നതിനും വേണ്ടിയാണ് ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിലൂടെ സ്കൂളിലെ മൊത്തം കുട്ടികൾക്ക് പ്രകടമായ മാറ്റമുണ്ടാകുന്നതിനു വേണ്ടിയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ.

# പ്രവർത്തന കലണ്ടർ

| ക്രമ നമ്പർ | പരിപാടിയുടെ പേര് | നിർവഹണ കാലം |
|---|---|---|
| 1 | പ്രവേശനോത്സവം | ജൂൺ |
| 2. | ദിനാചരണങ്ങൾ | ജൂൺ - മാർച്ച് |
| 3. | സർഗവേള | ജൂൺ - മാർച്ച് |
| 4. | വായിക്കാം വളരാം | ജൂൺ - മാർച്ച് |
| 5. | അറിവും തേടി | ജൂൺ - മാർച്ച് |
| 6. | യോഗാ പരിശീലനം | |
| 7. | പച്ചക്കറിത്തോട്ടം | ജൂൺ - മാർച്ച് |
| 8. | ഔഷധത്തോട്ടം | ആഗസ്റ്റ് - മാർച്ച് |
| 9. | കൈത്താങ്ങ് | ജൂൺ - മാർച്ച് |
| 10. | ക്ലാസ്സ് പി.ടി.എ | ജൂൺ - മാർച്ച് |
| 11. | ഉച്ചഭക്ഷണം | ജൂൺ - മാർച്ച് |
| 12. | സ്കൂൾ അസംബ്ലി | ജൂൺ - മാർച്ച് |
| 13. | മൂല്യനിർണയം | ജൂൺ - മാർച്ച് |
| 14. | S.R.G | ജൂൺ - മാർച്ച് |
| 15. | മേളകൾ | ഒക്ടോബർ - മാർച്ച് |
| 16. | കലോത്സവം | സെപ്റ്റംബർ - നവംബർ |

| | പരിപാടിയുടെ പേര് | നിർവഹണ കാലം |
|---|---|---|
| 17. | സ്പോർട്സ് . | സെപ്റ്റംബർ - നവംബർ |
| 18. | ഫീൽഡ് ട്രിപ്പുകൾ | ജൂൺ - മാർച്ച് |
| 19. | പഠനയാത്ര | ജനുവരി |
| 20 | പഠനോത്സവം | മാർച്ച്. |
| | | |

# പ്രവേശനോത്സവം ജൂൺ

2025 - 26 അക്കാദമിക വർഷത്തിൽ പ്രവേശനോത്സവത്തോടു കൂടി സ്കൂൾ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുന്നു. അറിവിന്റെ ലോകത്തേക്ക് കൈപിടിച്ചു വരുന്ന കുഞ്ഞോമനകളെ സ്വന്തം വളരെ ആവേശമായിത്തന്നെ സ്വാഗതം ചെയ്യുന്നു. ഉദ്ഘാടന സമ്മേളനവും വെൽക്കം ഡാൻസും, പാട്ടും, പഠന സമ്മാനങ്ങളുമൊക്കെ നൽകി കൊച്ചു കൂട്ടുകാരെ വരവേൽക്കുന്നു. മധുര പലഹാരങ്ങളും വിതരണം ചെയ്തു. ഞങ്ങളും വർണ്ണശബളമായ തോരണങ്ങൾ തൂക്കി കുട്ടികളുടെ ശ്രദ്ധ ആകർഷിക്കുന്ന വിവിധ കലാപരിപാടികൾ ഉൾപ്പെടുത്തി വേദി മനോഹരമാക്കുന്നു.

# ദിനാചരണങ്ങൾ   ജൂൺ- മാർച്ച്

ജൂൺ മുതൽ മാർച്ച് വരെ തുടർച്ചയായി സ്കൂളിൽ നടക്കുന്ന ഒരു പ്രധാന പ്രവർത്തനമാണ് ദിനാചരണങ്ങൾ. ഓരോ ദിവസത്തിന്റെയും പ്രാധാന്യം കുട്ടികളിലേക്ക് എത്തിക്കുന്നതിനായി ലക്ഷ്യത്തോടെ ദിനാചരണങ്ങൾ നാം സ്കൂളിൽ ആഘോഷിക്കുന്നത്. ഇതിലൂടെ കുട്ടികളിൽ വിവിധ മൂല്യങ്ങളും ശേഷികളും മനോഭാവങ്ങളും വളർത്താൻ സാധിക്കുന്നു.

| പ്രധാന ദിനങ്ങൾ | തിയതി |
|---|---|
| പരിസ്ഥിതി ദിനം | ജൂൺ 5 |
| വായനാ ദിനം | ജൂൺ 19 |
| ലഹരിവിരുദ്ധ ദിനം | |
| ബഷീർ ചരമദിനം | ജൂലൈ 5 |
| ചാന്ദ്ര ദിനം | ജൂലൈ 21 |
| ഹിരോഷിമ ദിനം | ആഗസ്റ്റ് - 6 |
| ക്വിറ്റിന്ത്യാ ദിനം | ആഗസ്റ്റ് - 9 |
| സ്വാതന്ത്ര്യദിനം | ആഗസ്റ്റ് - 15 |
| കർഷക ദിനം | ചിങ്ങം - 1 |
| അധ്യാപക ദിനം | സെപ്റ്റംബർ - 5 |
| ലോക വൃദ്ധ ദിനം | ഒക്ടോബർ - 1 |

| പ്രധാന ദിനങ്ങൾ | തീയതി. |
| --- | --- |
| ഗാന്ധിജയന്തി | ഒക്ടോബർ 2 |
| കേരളപ്പിറവി | നവംബർ - 1 |
| ശിശുദിനം | നവംബർ - 14 |
| എയ്ഡ്സ് ദിനം | ഡിസംബർ 2 |
| റിപ്പബ്ലിക് ദിനം | ജനുവരി 26 |
| വന ദിനം .<br>ജലദിനം | മാർച്ച് 21 |

# സർഗ്ഗവേള   ജൂൺ - മാർച്ച്

പഠനത്തോടൊപ്പം തന്നെ വളരെ പ്രധാനമായ സ്ഥാനമാണുള്ളത് സർഗ്ഗവേളയും. കുട്ടികളിലെ കലാപരമായ കഴിവുകൾ വികസിപ്പിക്കുന്നതിന് ഇത് സഹായകമാകുന്നു.

## ലക്ഷ്യങ്ങൾ

* ചെറു സദസ്സിനു മുൻപാകെ സങ്കോചമില്ലാതെ തന്റെ കഴിവുകൾ പങ്കിടുന്നതിന് കഴിവ് നേടുക.
* താളബോധത്തോടെ പാട്ടുകൾ പാടാനുള്ള കഴിവ് നേടുക.
* ഭാവ വ്യത്യാസങ്ങളോടെ കഥ, കവിത, അഭിനയഗാനങ്ങൾ, റോൾപ്ലേ, നാടകം തുടങ്ങിയ അവതരിപ്പിക്കാനുള്ള കഴിവ് നേടുക.
* മറ്റുള്ളവരുടെ കഴിവുകളെ അംഗീകരിക്കാനുള്ള മനോഭാവം നേടുക.
* തന്റെ കഴിവുകൾ മെച്ചപ്പെടുത്തി വീണ്ടും അവതരിപ്പിക്കാനുള്ള പ്രചോദനം നേടുക.
* കുട്ടികൾ സംഘമായും ഒറ്റയ്ക്കും സദസ്സിനു മുമ്പാകെ അവതരിപ്പിക്കാനുള്ള കഴിവ് നേടുക.

## പ്രവർത്തന ഘട്ടങ്ങൾ

* ആഴ്ചയിൽ ഒരു ദിവസം

ഉച്ചയ്ക്ക് 1:15 മുതൽ 2 മണിവരെ ഒന്നു മുതൽ നാലു വരെ ക്ലാസ്സിലെ കുട്ടികളുടെ കലാപരമായ കഴിവുകൾ സദസ്സിനു മുമ്പിൽ അവതരിപ്പിക്കുന്നു.

സർഗവേള

* പാട്ടരങ്ങുകൾ അവതരിപ്പിക്കുന്നു. താളത്തിനനുസരിച്ച് ശരീര ചലനങ്ങളിലൂടെ ആകർഷകമായി ചൊല്ലുന്നു.
* ചെറു സദസ്സുകളിൽ കഥകൾ, പാട്ടുകൾ, കവിതകൾ, അഭിനയഗാനങ്ങൾ, റോൾപ്ലേ, സ്കിറ്റ്, നാടകം, എന്നിവ സംഘമായും ഒറ്റയ്ക്കും ഭാവാത്മകമായി അവതരിപ്പിക്കുന്നു.
* താളവൈവിധ്യമുള്ള പാട്ടുകൾ ചൊല്ലുന്നു.
* കുട്ടികൾ അവരുടെ വൈവിധ്യമാർന്ന കഴിവുകൾ പങ്ക് വയ്ക്കുന്നു.
* കുട്ടികൾ പരസ്പരം വിലയിരുത്തി തന്റെ കഴിവുകൾ മെച്ചപ്പെടുത്തുന്നു.
* മറ്റുള്ളവരുടെ കഴിവുകളെ അംഗീകരിക്കുന്നു.

## വായിക്കാം വളരാം    ജൂൺ - മാർച്ച്

കുട്ടികളിൽ വായനാശീലം വളർത്തുന്നതിനും സ്വന്തമായി ബാലസാഹിത്യ കൃതികൾ വായിച്ച് ആസ്വദിക്കുന്നതിനും വേണ്ടി തുടങ്ങിയ പ്രവർത്തനമാണ് വായിക്കാം വളരാം. കുട്ടികളെ സ്വതന്ത്ര വായനക്കാരായി മാറ്റുക എന്നതാണ് ഈ പ്രവർത്തനത്തിന്റെ പൊതു ലക്ഷ്യം.

### ഉപലക്ഷ്യങ്ങൾ

* എല്ലാ കുട്ടികൾക്കും വായിക്കുന്നതിനുള്ള പുസ്തക ശേഖരം ഉണ്ടാക്കുക.
* രക്ഷിതാക്കളെ കുട്ടികളുടെ വായനയിൽ പങ്കാളികളാക്കുക.
* എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കുക.
* വായിച്ചു ഗ്രഹിച്ച ആശയങ്ങൾ പങ്കിടുന്നതിലൂടെ കുട്ടികളുടെ വാചിക അവതരണ ശേഷി വികസിപ്പിക്കുക.
* ആശയഗ്രഹണ വായന, ആസ്വാദ്യ വായന എന്നിവ പ്രോത്സാഹിപ്പിക്കുക.
* വായിച്ച കഥകൾ വായനാക്കുറിപ്പാക്കുക.
* കുട്ടികൾ വായനയിൽ നേടിയ ശേഷി പൊതു സമൂഹവുമായി പങ്കിടുക.

### പ്രവർത്തന ഘട്ടങ്ങൾ

* സ്കൂൾ ലൈബ്രറി ക്രമീകരിക്കൽ (എല്ലാ കുട്ടികളുടെയും നിലവാരത്തിന് യോജിച്ചത്)
* ക്ലാസ് ലൈബ്രറി ക്രമീകരിക്കൽ. (ഓരോ ക്ലാസ് നിലവാരത്തിനനുസരിച്ച്)

* വായനാ ദിനവുമായി ബന്ധപ്പെട്ട്, വായനാ മത്സരം, പോസ്റ്റർ പ്രദർശനം, ക്വിസ് മത്സരം, നടത്തുന്നു.
* പുസ്തക പ്രദർശനം, വായനാക്കുറിപ്പ് മത്സരം നടത്തുന്നു.
* അമ്മ വായന സംഘടിപ്പിക്കുന്നു.
* കുട്ടിയുടെ നിലവാരമനുസരിച്ച് കഥബുക്കുകൾ കുട്ടികൾക്ക് കൊടുക്കുക.
* ലൈബ്രറി ബുക്കുകൾ കൃത്യമായി ലൈബ്രറി രജിസ്റ്ററിൽ രേഖപ്പെടുത്തുക.
* കുട്ടികൾ വായിക്കാൻ കൊണ്ടുപോകുന്നതും തിരിച്ചു കൊണ്ടു വരുന്നതും കൃത്യമായി രേഖപ്പെടുത്തുക.
* വായിച്ച കഥ ക്ലാസുകളിൽ അവതരിപ്പിക്കുക.
* വായനാക്കുറിപ്പ് തയ്യാറാക്കുക.
* കുട്ടികൾ പരസ്പരം കഥ വായിച്ച് കേൾപ്പിക്കുക.

അറിവും തേടി   ജൂൺ - മാർച്ച്

കുട്ടികൾക്ക് അറിവ് പകരുന്നതിനും പൊതു വിജ്ഞാനം കൂട്ടുന്നതിനുമായി നടത്തുന്ന പ്രവർത്തനമാണ് അറിവും തേടി. ഇതിലൂടെ G.K യിലുള്ള അറിവ് കൂടുകയും അറിയാനുള്ള ആഗ്രഹം കുട്ടികൾക്ക് ഉണ്ടാവുകയും ചെയ്യുന്നു.

## പൊതു ലക്ഷ്യങ്ങൾ

* കുട്ടികൾക്ക് പുതിയ അറിവുകൾ കണ്ടെത്താനുള്ള അവസരം ഒരുക്കുക.
* തനിക്ക് ചുറ്റും നടക്കുന്ന കാര്യങ്ങൾ മനസ്സിലാക്കാനും പഠിക്കാനും അവസരം നൽകുക.
* കൂടുതൽ അറിവ് പകരാനുള്ള അവസരങ്ങൾ സൃഷ്ടിക്കുക.

## പ്രവർത്തന ഘട്ടങ്ങൾ

* ലളിതവും സങ്കീർണവുമായ വിഷയങ്ങൾ ഉൾപ്പെടുത്തിയ ചോദ്യങ്ങൾ.
* ദിവസവും അഞ്ച് ചോദ്യങ്ങളും ഉത്തരങ്ങളും സ്കൂൾ പ്രദർശന ബോർഡിൽ എഴുതി ഇടുന്നു.
* ആഴ്ചയിൽ ക്ലാസ്സിൽ വിലയിരുത്തുന്നു.
* മാസത്തിലെ ആദ്യ തിങ്കളാഴ്ച പൊതുവായി ക്വിസ് മത്സരം നടത്തുന്നു.
* ഓരോ ക്ലാസ്സിലെയും വിജയികൾക്ക് സമ്മാനം നൽകുന്നു.

# യോഗ

ഇന്ത്യയിലെ പരമ്പരാഗത ആരോഗ്യ പരിപാലന സമ്പ്രദായങ്ങളിൽ ഒന്നാണ് യോഗ. മനുഷ്യനെ ശാരീരികവും മാനസികവും ആത്മീയവുമായ ഉന്നതിയിലേക്ക് നയിക്കുക എന്ന ഉദ്ദേശത്തോട് കൂടി ഉണ്ടായതാണ് യോഗ. തിരക്കും മത്സരവും വ്യാകുലതയും നിറഞ്ഞ ആധുനിക കാലത്ത്, മനുഷ്യന്റെ വർദ്ധിച്ചു വരുന്ന മാനസിക പിരിമുറുക്കത്തിന്റെ പിരി അയയ്ക്കാൻ യോഗ കൊണ്ട് സാധിക്കുമെന്ന് കരുതപ്പെടുന്നു.

## ലക്ഷ്യങ്ങൾ

* ശാരീരികവും മാനസികവുമായ ആരോഗ്യം മെച്ചപ്പെടുത്തുക.
* ആത്മീയ വളർച്ച കൈവരിക്കുക.
* ജീവിതത്തിൽ സമാധാനവും സന്തോഷവും കണ്ടെത്തുക
* യോഗയിലെ ആസനങ്ങൾ ശരീരത്തിന് ബലം നൽകുവാനും വഴക്കം കൂട്ടാനും ഏകാഗ്രതയും മെച്ചപ്പെടുത്തുവാനും സഹായിക്കുന്നു.
* യോഗ ശരീരത്തിന് ഊർജ്ജം നൽകുകയും രോഗ പ്രതിരോധ ശേഷി വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

## പ്രവർത്തനഫലം

* എല്ലാവർഷത്തേയും പോലെ ജൂൺ 21 യോഗദിനത്തിൽ തന്നെ യോഗാക്ലാസ് ആരംഭിച്ചു.

* തുടർന്ന് എല്ലാ ബുധനാഴ്ചകളിലും 1 മണിക്കൂർ ക്ലാസ് എന്ന ക്രമത്തിലാണ് തീരുമാനിച്ചിരിക്കുന്നത്.

* ഓരോ ആഴ്ചയിലും ഓരോ ക്ലാസ്സുകാരെയാണ് പഠിപ്പിക്കുന്നത്.

* ഒന്ന് മുതൽ നാല് വരെ ക്ലാസുകാരെയാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

* പ്രീ- പ്രൈമറി വിഭാഗത്തെ ഇതിൽ ഉൾപ്പെടുത്തി-യിട്ടില്ല.

* ഓരോ ആസനങ്ങൾക്കു പുറമേ മനുഷ്യനിൽ ഉണ്ടാകുന്ന ഊർജസ്വലതയും താൽപര്യവും വർധിക്കുകയാണ് ഈ ക്ലാസിലൂടെ ലഭ്യമാകുന്നത്.

# സ്കൂൾ പച്ചക്കറി തോട്ടം

സ്കൂളിലെ ഉച്ചഭക്ഷണ പദ്ധതിക്ക് ആവശ്യമായ പച്ചക്കറികൾ ജൈവ രീതിയിൽ ഉൽപ്പാദിപ്പിക്കാനും കുട്ടികൾക്ക് പോഷകസമൃദ്ധമായ ഉച്ചഭക്ഷണം നൽകാനും ഉദ്ദേശിച്ചുള്ള പദ്ധതി. കുട്ടികളുടെയും അധ്യാപകരുടെയും അശ്രാന്ത പരിശ്രമത്തിന്റെയും ഒത്തൊരുമയുടെയും നിത്യമായ തെളിവാണ് സ്കൂളിലെ പച്ചക്കറിത്തോട്ടം.

## ലക്ഷ്യങ്ങൾ

* കുട്ടികൾക്ക് കൃഷിയുടെ പ്രാധാന്യത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുക.
* പ്രകൃതിയുമായി കുട്ടികളെ ഇണക്കി വളർത്തുക.
* സസ്യ ജീവജാലങ്ങളെ സ്നേഹിച്ചും സംരക്ഷിക്കാൻ വേണ്ട പ്രചോദനം കുട്ടികൾക്ക് നല്കുക.
* കുട്ടികൾക്ക് ജൈവ രീതിയിൽ ഉല്പാദിപ്പിക്കുന്നതും ശുദ്ധമായ പച്ചക്കറികൾ ഉച്ചഭക്ഷണമായി നല്കുന്നതിനുമാണ് സ്കൂളിലെ പച്ചക്കറിത്തോട്ടം ലക്ഷ്യമിടുന്നത്.

## പ്രവർത്തന ഘട്ടം

* ആദ്യമായി സ്കൂളിലെ ഒഴിഞ്ഞ സ്ഥലത്ത് കൃഷിത്തോട്ടം ഉണ്ടാക്കാൻ അനുയോജ്യമായ സ്ഥലം കണ്ടെത്തി മണ്ണ് ഒരുക്കണം
* ശേഷം തൊട്ടടുത്തുള്ള കൃഷി ഓഫീസറെ കണ്ട് ആവശ്യമായ നിർദേശങ്ങൾ ചോദിച്ചു മനസ്സിലാക്കണം
* ആവശ്യമെങ്കിൽ മണ്ണ് പരിശോധന നടത്തണം
* കൃഷി ഓഫീസറെ സ്കൂളിൽ കൊണ്ട് വന്ന് അവിടെ ചെയ്യാൻ സാധിക്കുന്ന വിളകൾ ഏതെല്ലാം ആണെന്ന് കണ്ടെത്തണം.
* കൃഷി ഭവനിൽ നിന്നും മറ്റും ലഭ്യമാകുന്ന വിത്തുകളും തൈകളും എല്ലാം തന്നെ ശേഖരിക്കണം.
* ഓരോ വിളകൾക്കും അതാത് കാലങ്ങളിൽ ചെയ്യേണ്ട പരിചരണങ്ങൾ മനസ്സിലാക്കണം.
* കുട്ടികളെ ഓരോ ഗ്രൂപ്പുകളായി തിരിച്ച് മേൽനോട്ടവും പരിചരണവും നൽകുക.
* ഓരോ ഗ്രൂപ്പിനും ഓരോ ചുമതലകൾ നൽകുക.

# ഔഷധ തോട്ടം

നമ്മുടെ ചുറ്റുപാടുകളിൽ വളരുന്ന ചെറുതും വലുതുമായ സസ്യങ്ങൾ ഏതെങ്കിലും രീതിയിൽ ഔഷധങ്ങൾ നിർമ്മിക്കുന്നതിനായി ഉപയോഗിക്കുന്നു. ഇത്തരം സസ്യങ്ങളെ പൊതുവെ ഔഷധസസ്യങ്ങൾ എന്ന് പറയുന്നു. ഇത്തരം ഔഷധങ്ങളിൽ പലതും വാണിജ്യപരമായോ വീട്ടാവശ്യത്തിനോ കൃഷി ചെയ്യുന്നവയാണ്. തോട്ടങ്ങളിൽ ഇടവിളകളായും തണൽ മരമായോ താങ്ങുമരമായോ ഔഷധസസ്യങ്ങൾ വെച്ചുപിടിപ്പിക്കുന്നു.

## ലക്ഷ്യങ്ങൾ

* പല രോഗങ്ങൾക്കുമുള്ള ചികിത്സകൾക്ക് ഔഷധ സസ്യങ്ങൾ ഉപയോഗിക്കുന്നു.
* പരമ്പരാഗത ചികിത്സാരീതികളിൽ ഔഷധ സസ്യങ്ങൾക്ക് വലിയ പങ്കുണ്ട്.
* ഔഷധ സസ്യങ്ങളുടെ കൃഷി, സംസ്കരണം, വിപണനം എന്നിവയിലൂടെ സാമ്പത്തികപരമായ നേട്ടങ്ങളും ലക്ഷ്യമിടുന്നു.
* ഔഷധ സസ്യങ്ങൾ പരിസ്ഥിതിയുടെ സന്തുലിതാവസ്ഥയ്ക്ക് അത്യാവശ്യമാണ്. ഇവ പ്രകൃതിദത്തമായ ഒരുപാട് കാര്യങ്ങൾക്ക് ഉപകാരപ്രദമാണ്.

# പ്രവർത്തന ഘട്ടം

* ഔഷധത്തോട്ടത്തിനുള്ള ഒരുക്കം ചിങ്ങം 2-ാം തീയതി തുടങ്ങി.
* കുട്ടികൾ അവരുടെ വീടുകളിൽ നിന്ന് ഔഷധ സസ്യങ്ങൾ ശേഖരിച്ചുകൊണ്ടുവന്നു.
* അധ്യാപകരും പി.ടി.എ. അംഗങ്ങളും ചേർന്ന് ഔഷധത്തോട്ടത്തിനുള്ള സ്ഥലം ഒരുക്കുകയും ചെടിച്ചട്ടികൾ വാങ്ങി മണ്ണൊരുക്കി ഔഷധ സസ്യങ്ങൾ നടുകയും വെള്ളമൊഴിക്കുകയും ചെയ്തു.
* ഓരോ ഔഷധസസ്യത്തിനും നേരെ അവയുടെ നെയിം പ്ലേറ്റ് കുത്തിവെക്കുകയും ചെയ്തു.
* തുളസി, തുമ്പ, പനിക്കൂർക്ക, കറുക, മുക്കുറ്റി, മുയൽച്ചെവിയൻ, എരിക്ക്, ശംഖുപുഷ്പം, കൂവളം, നിലപ്പന, പൂവാംകുറുന്തില, കുറുന്തോട്ടി, തൊട്ടാവാടി, കറിവേപ്പ്, മുരിങ്ങയില, പേര, ലക്ഷ്മിതരു തുടങ്ങിയ ഔഷധസസ്യങ്ങളാണ് സ്കൂളിൽ തയ്യാറാക്കിയത്.

# കൈത്താങ്ങ് - ജൂൺ - മാർച്ച്

ഒന്നു മുതൽ നാല് വരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികളെ അവരുടെ പഠനം വഴി ഉയർന്ന നിലവാരത്തിൽ എത്തിക്കുക എന്ന ലക്ഷ്യം മുന്നിൽ കണ്ട് തുടർന്നു വരുന്നതാണ് കൈത്താങ്ങ്. ഇതിൽ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മറ്റുള്ളവരുടെ ഒപ്പം എത്തിക്കുക എന്നതാണ് ലക്ഷ്യം വയ്ക്കുന്നത്. വൈകിട്ട് 4 മണിക്ക് ശേഷം 5 മണിവരെ കുട്ടികൾക്ക് പ്രത്യേക ക്ലാസ്സുകൾ നൽകി അവരെ പഠനത്തിൽ മുന്നോട്ടെത്തിക്കുക എന്നതാണ് ഇതിന്റെ പരമമായ ലക്ഷ്യം.

## ലക്ഷ്യങ്ങൾ

* 1 മുതൽ 4 വരെ ക്ലാസുകളിൽ പഠനത്തിൽ പിന്നോക്കം നിൽക്കുന്നവർക്ക് പിന്തുണ നൽകുക.
* അക്ഷരങ്ങൾ, വാക്കുകൾ, വാക്യങ്ങൾ എന്നിവ എഴുതാനും വായിക്കാനും കഴിയുക.
* വായനാ കാർഡ്, കഥാബുക്ക് വായിക്കുക.

## പ്രവർത്തന ഘട്ടം

* ഓരോ കുട്ടിയുടെയും പോരായ്മകൾ തിരിച്ചറിഞ്ഞ് കുട്ടികളെ തെരഞ്ഞെടുക്കുക.

* വൈകിട്ട് 4 മുതൽ 5 വരെ പഠനത്തിന് വേണ്ട സജ്ജീകരണം തയ്യാറാക്കുക.

* അവർക്ക് കൊടുക്കാവുന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.

* അക്ഷരങ്ങളിൽ തുടങ്ങി വാക്യത്തിൽ എത്തിക്കുക.

* സ്വതന്ത്രവായനയ്ക്കും, എഴുത്തിനും പ്രാപ്തരാക്കുക.

# ക്ലാസ്സ് പി.ടി.എ

## ലക്ഷ്യം

* ഓരോ മാസത്തിലും വിവിധ വിഷയങ്ങളിൽ കുട്ടി നേടേണ്ട ശേഷികൾ എന്തെല്ലാമാണെന്ന് തിരിച്ചറിയും പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് വേണ്ട കൈത്താങ്ങുകൾ നൽകി മുന്നോട്ട് കൊണ്ടുവരുവാനും ലക്ഷ്യമിടുന്നു.
* പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ പോരായ്മകളെ മനസ്സിലാക്കി വേണ്ട ഇടപെടലുകൾ നടത്താൻ രക്ഷിതാക്കൾക്കും ഇതിലൂടെ കഴിയുന്നു.
* പാഠ്യേതര വിഷയങ്ങളിൽ കുട്ടിയുടെ പങ്ക് എന്തൊക്കെയാണെന്നും കുട്ടി ആർജ്ജിച്ച ശേഷികൾ എന്തൊക്കെയാണെന്നും രക്ഷിതാവിനെ അറിയിക്കുകയാണ് ക്ലാസ് പി.ടി.എ.യുടെ ലക്ഷ്യം.

## പ്രവർത്തന ഘട്ടം

* മാസത്തിലെ അവസാന വെള്ളിയാഴ്ച ഉച്ചതിരിഞ്ഞ് 3 മണിയോടെ ക്ലാസ്സ് പി.ടി.എ. കൂടുന്നു.
* പഠനപ്രവർത്തനങ്ങളും പാഠ്യേതര പ്രവർത്തനങ്ങളും വിലയിരുത്തുന്നു.

* പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ചെയ്യേണ്ട പ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്നു.

* പ്രവർത്തി ദിനങ്ങളിൽ വൈകിട്ട് 4 മണിമുതൽ 5 മണിവരെ പിന്നോക്കക്കാർക്കായി 'അറിവുംതേടി' എന്ന പേരിൽ പ്രത്യേക ക്ലാസുകൾ നടത്തിവരുന്നതിന്റെ രേഖകൾ വിലയിരുത്തുന്നു.

# ഉച്ചഭക്ഷണം

## ലക്ഷ്യങ്ങൾ

- ആരോഗ്യവും പ്രതിരോധശേഷിയും ബുദ്ധിശക്തിയുമുള്ള തലമുറകളെ വാർത്തെടുക്കുക.
- വിശപ്പകറ്റുക
- ഊർജ്ജസ്വലരായി കുട്ടികൾ ക്ലാസിൽ ശ്രദ്ധിച്ചിരിക്കുക.
- ഉന്മേഷവാന്മാരായി പഠിക്കുക.

## പ്രവർത്തനഘട്ടങ്ങൾ

മെനുപ്രകാരം ഗുണമേന്മയും

സ്വാദിഷ്ടവും പോഷകസമൃദ്ധവും രുചികരവുമായ ഉച്ചഭക്ഷണം വൃത്തിയായി തയ്യാറാക്കി എല്ലാദിവസവും വൃത്തിയായി കഴുകുന്ന പാത്രങ്ങളിൽ വിളമ്പി നൽകുന്നു. തിങ്കൾ, വ്യാഴം എന്നീ ദിവസങ്ങളിൽ പ്രീ-പ്രൈമറി മുതൽ 4-ാം ക്ലാസുവരെയുള്ള കുട്ടികൾക്ക് പാലും ബുധനാഴ്ചകളിൽ മുട്ട/പഴം എന്നിവ നൽകി വരുന്നു. സ്കൂളിൽ കൃഷി ചെയ്ത് വിളവെടുക്കുന്ന പച്ചക്കറികളും ഇലക്കറികളും പാചകത്തിനായി ഉപയോഗിക്കുന്നു.

# സ്കൂൾ അസംബ്ലി

## ലക്ഷ്യം

* സ്കൂൾ അസംബ്ലിയിലൂടെ കുട്ടികൾക്ക് സ്കൂളിന്റെ പെരുമാറ്റച്ചട്ടങ്ങൾ എന്തെല്ലാമാണെന്നും സ്കൂൾ നിയമങ്ങൾ, ബഹുമാനം, തുടങ്ങിയ കാര്യങ്ങൾ മനസ്സിലാക്കാൻ സാധിക്കുന്നു.

* ഓരോ പ്രവർത്തനവും അവതരിപ്പിക്കുന്നതിലൂടെ അവരുടെ ഭാഷാശേഷി വർധിപ്പിക്കുവാൻ സാധിക്കുന്നു.

* സമയനിഷ്ഠ, കൃത്യനിഷ്ഠ എന്നീ സാമൂഹ്യമൂല്യങ്ങൾ കൈവരിക്കാൻ സാധിക്കുന്നു.

* ഓരോ ക്ലാസ്സ്തലത്തിൽ അസംബ്ലി നടത്തുമ്പോൾ പിന്നോക്കക്കാരെ പരിഗണിക്കാനും അവർക്ക് അതിൽ അവസരം ലഭിക്കുകയും അവരിൽ പുരോഗതി കണ്ടുവരികയും ചെയ്യുന്നു.

## പ്രവർത്തന ഘട്ടം

* സ്കൂളിൽ ഒരു അസംബ്ലി നടത്തുന്നതിന് ശ്രദ്ധാപൂർവ്വമായ ആസൂത്രണവും സംഘാടനവും ആവശ്യമാണ്.

* വിദ്യാർത്ഥികൾക്കും അധ്യാപകർക്കും സൗകര്യപ്രദമായ സമയത്ത് അസംബ്ലി നടത്തുക

* എല്ലാവരെയും കൂടി ഉൾക്കൊള്ളാൻ കഴിയുന്ന ഉചിതമായ ഒരു സ്ഥലം അസംബ്ലിക്കായി കണ്ടെത്തുക.

* മൈക്ക്, പ്രൊജക്ടറുകൾ തുടങ്ങിയ ക്രമീകരണങ്ങൾ അവശ്യമായ ഉപകരണങ്ങൾ എന്നിവ തയ്യാറാക്കുക.

* ഓരോ കുട്ടിക്കും ഓരോ ചുമതകൾ നൽകുകയും അവരവരുടെ ഭാഗങ്ങൾ അസംബ്ലിയുടെ ക്രമത്തിലൂടെ ഒരുക്കം പരിചിതമാണെന്ന് ഉറപ്പാക്കാൻ നേരത്തെ റിഹേഴ്സലുകൾ നൽകി വെക്കുക.

* കമാൻഡിന് ശേഷം ഗാനം പ്രാർത്ഥനയും തുടർന്ന് പ്രതിജ്ഞയും തുടർന്ന് വിദ്യാർത്ഥികൾ വാർത്തകൾ / ചിന്താവിഷയവും തുടർന്ന് ഏതെങ്കിലും ഒരു പഠന പ്രവർത്തനവും അവതരിപ്പിക്കുന്നു. കൂടാതെ കുട്ടികൾക്ക് ഒരു ഉന്മേഷം വർധിപ്പിക്കാനായി ശാരീരിക വ്യായാമം നടത്തുകയും ചെയ്യുന്നു.

* ഒടുവിൽ ദേശീയഗാനം ആലപിച്ച ശേഷം വിദ്യാർത്ഥികൾ അവരവരുടെ ക്ലാസുകളിലേക്ക് പോകുന്നു.

* എല്ലാ പ്രവർത്തനങ്ങളും വ്യത്യസ്ത ക്ലാസുകളിലെ വ്യത്യസ്ത വിദ്യാർത്ഥികളെയാണ് നിയോഗിക്കുന്നത്.

* അസംബ്ലി നടത്താൻ എല്ലാംകൂടി 20-25 മിനിറ്റാണ് വേണ്ടത്.

## SRG  ജൂൺ - മാർച്ച്

ഓരോ ക്ലാസ്സിലെയും പഠനപ്രവർത്തനങ്ങളെ സംബന്ധിച്ചും സ്കൂളിലെ മറ്റ് പ്രവർത്തനങ്ങളെക്കുറിച്ചും ചർച്ച നടത്തുന്നതും തീരുമാനങ്ങൾ എടുക്കുന്നതും SRG യിലാണ്. കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾ മുതൽ അധ്യാപകർക്കുണ്ടാകുന്ന സംശയ നിവാരണവും SRG ചർച്ചയിലൂടെ പരിഹരിക്കപ്പെടുന്നു. ഇത് വർഷം മുഴുവൻ നടക്കുന്ന പ്രവർത്തനമാണ്.

### ലക്ഷ്യങ്ങൾ

* കുട്ടികളുടെ പഠനനിലവാരത്തെ സംബന്ധിച്ചും കുട്ടികൾ നേരിടുന്ന പഠന പ്രശ്നങ്ങളെ സംബന്ധിച്ചും ചർച്ച ചെയ്ത് പരിഹാരം കണ്ടെത്തുക.
* ഓരോ ആഴ്ചയിലെയും പ്രവർത്തനങ്ങൾ കൃത്യമായി ആസൂത്രണം ചെയ്യുക വിലയിരുത്തുക.
* അധ്യാപകർക്കനുഭവപ്പെടുന്ന പ്രശ്നങ്ങൾ ചർച്ചയിലൂടെ പരിഹരിക്കുക.
* പോരായ്മകൾ നികത്തി സ്കൂളിനെ മികച്ച നിലവാരത്തിലെത്തിക്കുക.

# പ്രവർത്തന ഘട്ടങ്ങൾ

* ആഴ്ചയിലൊരുദിവസം അധ്യാപകർ ഒരുമിച്ച് ക്ലാസ്സ് പ്രവർത്തനങ്ങളുടെ ചർച്ചയും വിലയിരുത്തലും സാധ്യമാക്കുക.
* ചർച്ചയിൽ കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തി അത് ക്ലാസ്സിൽ പ്രാവർത്തികമാക്കുക.
* പാഠഭാഗങ്ങളിൽ അധ്യാപകർക്ക് എന്തെങ്കിലും പ്രശ്നങ്ങൾ തോന്നുവ പ്പെട്ടാൽ അതിന് പരിഹാരം കണ്ടെത്തുക.
* സ്കൂളിലെ ദിനാചരണങ്ങൾ സംബന്ധിച്ച് ചർച്ച നടത്തുക.

# സ്പോർട്സ്

കുട്ടികളിലെ കായികക്ഷമത തിരിച്ചറിയുന്നതിനും താൽപര്യം വളർത്തുന്നതിനും വേണ്ടി കുട്ടികൾക്ക് പ്രത്യേകം പരിശീലനം നൽകുകയും മത്സരങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുന്നു. സെപ്റ്റംബർ ഒക്ടോബർ മാസങ്ങളിൽ മത്സരങ്ങൾ നടത്തി വിജയികളെ തെരഞ്ഞെടുക്കുകയും ചെയ്യുന്നു.

## ലക്ഷ്യങ്ങൾ

* കുട്ടികളിൽ കായികക്ഷമത വളർത്തുന്നു.
* വിവിധ മത്സരങ്ങൾ നടത്തി വിജയികളെ തെരഞ്ഞെടുക്കുക.
* കുട്ടികളിൽ കായികക്ഷമത, താൽപര്യം വളർത്തുന്ന മത്സരങ്ങൾ നടത്തുക.

## പ്രവർത്തനഘട്ടം

* കായിക ക്ഷമത വളർത്തുന്നതും താൽപര്യം ജനിപ്പിക്കുന്നതുമായ പ്രവർത്തനങ്ങൾ ചെയ്യിപ്പിക്കുന്നു.

* ആഴ്ചയിലെ ഒരോ പി.ടി. പിരീഡും അതിനായി തെരഞ്ഞെടുക്കുന്നു.

* മത്സര ഇനങ്ങളും ദിവസവും തീരുമാനിക്കുന്നു.

* സ്പോർട്സ് ഡേയ്ക്ക് ആവശ്യമായ പ്രാക്ടീസ് നൽകുന്നു.

* മത്സരം നടത്തി വിജയികളെ തെരഞ്ഞെടുക്കുന്നു.

# മേളകൾ

## ലക്ഷ്യങ്ങൾ

- കുട്ടികളിലെ വിവിധ സർഗാത്മക കഴിവുകൾ കണ്ടെത്തുന്നു.
- കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നു, പരിശീലനം നൽകുന്നു
- മത്സരങ്ങളിൽ പങ്കെടുപ്പിച്ച് ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നു.

## പ്രവർത്തനഘട്ടങ്ങൾ

ശാസ്ത്ര-ഗണിതശാസ്ത്ര- പ്രവൃത്തിപരിചയ സോഷ്യൽ സയൻസ് മേളകളിലും സാഹിത്യമേളകളിലും കഴിവും താത്പര്യവുമുള്ള കുട്ടികൾക്ക് പരിശീലനം നൽകി വരുന്നു. വിവിധ മേളകളിൽ പങ്കെടുക്കുവാനും വിജയികളായി ആത്മവിശ്വാസം വർദ്ധിപ്പിക്കുവാനും കഴിയുന്നു.

# കലോത്സവം

## ലക്ഷ്യങ്ങൾ

- സ്കൂൾ കലോത്സവത്തിൽ പങ്കെടുക്കുവാൻ അവസരം ലഭിക്കുന്നു.
- വിവിധ ഇനങ്ങളിലുള്ള കഴിവുകൾ കണ്ടെ

ത്തുന്നു, പരിശീലനം ലഭിക്കുന്നു, പ്രോത്സാഹനം ലഭിക്കുന്നു.

- ആത്മവിശ്വാസത്തോടെ അവതരിപ്പിക്കുവാനുള്ള കഴിവ് ആർജ്ജിക്കുന്നു.
- സർഗാത്മക കഴിവുകൾ കണ്ടെത്തുന്നു, വളർത്തിയെടുക്കുന്നു.

## പ്രവർത്തന ഘട്ടങ്ങൾ

കുട്ടികളിൽ അന്തർലീനമായിരിക്കുന്ന കഴിവുകളെ കണ്ടെത്തുകയും ആവശ്യമായ പ്രോത്സാഹനം നൽകുകയും ചെയ്യുന്നു ലഭ്യമായ വിദഗ്ധരുടെ സേവനം ഉപയോഗിക്കുന്നു. ആത്മവിശ്വാസത്തോടെ കലാവാസനകൾ പ്രകടിപ്പിക്കുന്നു. ഗ്രേഡുകളും സമ്മാനവും നേടുന്നു.

## ഫീൽഡ് ട്രിപ്പുകൾ

ലക്ഷ്യങ്ങൾ

- നേരറിവ് ലഭിക്കുന്നു.
- കണ്ടും കേട്ടും സ്പർശിച്ചും കാര്യങ്ങൾ നേരിട്ട് മനസ്സിലാക്കുന്നു.
- പാഠപുസ്തകത്തിൽ മാത്രം ഒതുങ്ങാതെയുള്ള പഠനം സാധ്യമാകുന്നു.

- പരിസരവുമായി കൂടുതൽ അടുക്കുന്നു.

പഠനഫലങ്ങൾ

കുട്ടികളിലെ ജിജ്ഞാസ ഉണർന്നു പ്രവർത്തിക്കുവാൻ അവസരം ലഭിക്കുന്നു. നേരിൽ കണ്ട് കാര്യങ്ങൾ മനസ്സിലാക്കുന്നതിനാൽ കൂടുതൽ ഓർമ്മയിൽ തങ്ങി നിൽക്കുന്നു.

## പഠനയാത്ര

ലക്ഷ്യങ്ങൾ

- വിവിധങ്ങളായ സ്ഥലങ്ങൾ സന്ദർശിക്കുന്നു.
- സ്ഥലസന്ദർശനത്തോടൊപ്പം അറിവ് വർദ്ധിക്കുന്നു
- യാത്രയ്ക്കൊരുങ്ങുവാനുള്ള കാര്യങ്ങൾ അറിയുന്നു, ഒരുക്കങ്ങൾ മുൻകൂട്ടി തയ്യാറാക്കുന്നു
- യാത്രാനുഭവം ലഭിക്കുന്നു.
- അറിവിന്റെ മണ്ഡലം വികസിക്കുന്നു
- പഠനയാത്രാറിപ്പോർട്ട് തയ്യാറാക്കി സൂക്ഷിക്കുന്നു.

പ്രവർത്തനഫലങ്ങൾ

പഠനയാത്രയിൽ പങ്കെടുത്ത് സ്വയം അനുഭവങ്ങൾ ആസ്വദിക്കുന്നു. യാത്രാനുഭവം

ഷ്യമുള്ള സ്ഥലങ്ങൾ നേരിൽ കണ്ടറിയു
ന്നു. യാത്രകൾ ആസ്വദിക്കുന്നു.

- പ്രകൃതി വൈവിധ്യങ്ങൾ കണ്ട് മനസ്സിലാക്കുന്നു.
- ചരിത്രവുമായി കൂടുതൽ അടുക്കുന്നു.

# പഠനോത്സവം

## ലക്ഷ്യം

* വിദ്യാലയത്തിൽ നിന്നും ലഭിച്ച അറിവ് കുട്ടികൾക്ക് നന്നായ രീതിയിൽ അവതരിപ്പിക്കുന്നതിനുള്ള അവസരമാണ് പഠനോത്സവം ലക്ഷ്യമിടുന്നത്.

* കുട്ടികളുടെ ആർജ്ജിത ജ്ഞാനത്തെക്കുറിച്ചും വൈവിധ്യമാർന്ന കഴിവുകളെക്കുറിച്ചും സാമൂഹികമായ വിലയിരുത്തലിനുമുള്ള പുത്തൻ രീതിശാസ്ത്രം വികസിപ്പിക്കുക.

* കുട്ടികളുടെ പഠനമികവുകൾ പൊതുസമൂഹവുമായി പങ്കുവെക്കുക.

* കുട്ടികളുടെ മികവാർന്ന പഠനത്തിനായി സമൂഹവും രക്ഷിതാക്കളും വഹിക്കേണ്ട പങ്കിനെക്കുറിച്ച് ധാരണ വികസിപ്പിക്കുക.

# പ്രവർത്തനഘട്ടം

* ഒരു അധ്യയനവർഷത്തിലെ അവസാന മാസമായ മാർച്ച് മാസത്തിലാണ് വിദ്യാലയങ്ങളിൽ പഠനോത്സവം നടത്തുന്നത്.
* വിഷയാടിസ്ഥിതമായി ക്ലാസ് തലങ്ങളിൽ പരിപാടികൾ അവതരിപ്പിക്കുന്നു.
* ഭാഷാവിഷയങ്ങളുമായി ബന്ധപ്പെട്ട് സ്കിറ്റുകൾ, നാടകം, കവിത, കഥപറയൽ, കോറിയോഗ്രഫി, പുസ്തകപരിചയം, വായന, കടങ്കഥാകേളി, തുടങ്ങി ഒട്ടനവധി പ്രവർത്തനങ്ങൾ ചെയ്യുന്നു.
* ശാസ്ത്രമായി ബന്ധപ്പെട്ട് സ്കിറ്റുകൾ, ഗണിത പാട്ടുകൾ, ഡാൻസ്, ഗണിതകളികൾ തുടങ്ങിയവയും അവതരിപ്പിക്കുന്നു.
* ഒരു ദിവസം മുഴുവനായി പഠനോത്സവത്തിലേക്ക് വിദ്യാലയങ്ങൾ ചെലവഴിക്കുന്നു.
* കുട്ടികളുടെ ഈ കലാവിരുന്ന് സമൂഹത്തിന്റെ മുന്നിൽ കാഴ്ചവെക്കാനായി വിദ്യാലയത്തിന് പുറമേ ഗ്രാമീണ സ്ഥലങ്ങളിലും മറ്റും "കോർണർ PTA" എന്ന പേരിലും പരിപാടികൾ അവതരിപ്പിക്കാറുണ്ട്.